കേരള സർക്കാർ
ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്
ജില്ലാ ഇൻഫർമേഷൻ ഓഫീസ്, ആലപ്പുഴ-688 001
ഫോൺ: 0477-2251349; ഇ-മെയിൽ: prdalppy@gmail.com,
വെബ്സൈറ്റ്: www.prd.kerala.gov.in

---

പത്രക്കുറിപ്പ് 'ഭരണഭാഷ-മാതൃഭാഷ' 2019 മാർച്ച് 08 വെള്ളി

---

## വാഗ്ദാനങ്ങൾ പാലിച്ചാണ് 1000 ദിനം പിന്നിടുന്നതെന്ന് മന്ത്രി തിലോത്തമൻ

ഹരിപ്പാട്: തിരഞ്ഞെടുപ്പ് സമയത്ത് ജനങ്ങൾക്ക് നൽകിയ വാഗ്ദാനങ്ങൾ പാലിച്ചാണ് പിണറായി വിജയന്റെ നേതൃത്വത്തിലുള്ള സംസ്ഥാന സർക്കാർ ആയിരം ദിനങ്ങൾ പിന്നിടുന്നതെന്ന് ഭക്ഷ്യ മന്ത്രി പി. തിലോത്തമൻ പറഞ്ഞു. കാർത്തികപ്പള്ളി കുമാരപുരം ഗ്രാമപഞ്ചായത്തിൽ നിർമ്മാണം പൂർത്തിയാക്കിയ മാവേലി സ്റ്റോറിന്റെ ഉദ്ഘാടനം നിർവ്വഹിക്കുകയായിരുന്നു മന്ത്രി.

പൊതു വിപണിയിൽ ഭക്ഷ്യ വസ്തുക്കളുടെ വിലക്കയറ്റം നിയന്ത്രിച്ച് നിർത്തുന്നതിൽ സപ്ലൈകോ വഹിക്കുന്ന പങ്ക് വളരെ വലുതാണ്. 500 കോടി രൂപയുടെ സബ്സിഡിയാണ് പ്രതിവർഷം സപ്ലൈക്കോ വഴി സർക്കാർ ജനങ്ങൾക്ക് നൽകി വരുന്നത്. പൊതു വിപണിയേക്കാൾ 20 ശതമാനം സബ്സിഡി നൽകി വരുന്ന മാവേലി സ്റ്റോറുകൾ 2019ഓടെ സംസ്ഥാനത്തെ എല്ലാ ഗ്രാമപഞ്ചായത്തുകളിലും സ്ഥാപിക്കും. ഏറ്റവും ഗുണമേന്മയുള്ള ഭക്ഷ്യ വസ്തുക്കൾ കുറഞ്ഞ നിരക്കിൽ ജനങ്ങളിലേക്ക് എത്തിക്കാനാണ് സപ്ലൈകോ വഴി ലക്ഷ്യമിടുന്നത്. പ്രാരംഭ ഘട്ടമായി സപ്ലൈകോയുടെ കീഴിൽ സംസ്ഥാനത്തെ തിരഞ്ഞെടുത്ത 10 കേന്ദ്രങ്ങളിലൂടെ ഗൃഹോപകരണങ്ങൾ വിപണിയിൽ കൊണ്ടു വന്നതിലൂടെ ജനങ്ങൾക്കിടയിൽ കൂടുതൽ സ്വീകാര്യത നേടാനായി. വ്യത്യസ്തമായ ഒട്ടേറെ ഉത്പ്പന്നങ്ങൾ സപ്ലൈകോയിലൂടെ പുതുതായി വിപണിയിൽ എത്തിക്കുമെന്നും മന്ത്രി പറഞ്ഞു.

യോഗത്തിൽ കുമാരപുരം ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് എസ്. സുരേഷ് കുമാർ അധ്യക്ഷത വഹിച്ചു. ബ്ലോക്ക് പഞ്ചായത്ത് അംഗം ഗ്ലെമി വാലടിയിൽ, ഗ്രാമപഞ്ചായത്തംഗങ്ങളായ എൽ. തങ്കമ്മാൾ, സിന്ധു മോഹനൻ, സി.എസ്. രഞ്ജിത്ത്, സുരേഷ്, സപ്ലൈക്കോ മേഖലാ മാനേജർ എം.വി. ശിവകാമി അമ്മാൾ, ജില്ലാ സപ്ലൈ ഓഫീസർ പി. മുരളീധരൻ നായർ, വിവിധ രാഷ്ട്രീയ പാർട്ടി പ്രതിനിധികൾ എന്നിവർ പ്രസംഗിച്ചു.

## നികുതി അടക്കാൻ വീഴ്ച വരുത്തിയാൽ ജപ്തി

മാരാരിക്കുളം : മാരാരിക്കുളം വടക്ക് ഗ്രാമ പഞ്ചായത്ത് പ്രദേശത്തെ 2018-19 കാലയളവിലെ കെട്ടിട നികുതി, ലൈസൻസ് ഫീസ്, തൊഴിൽ കരം എന്നിവ ഒടുക്കതെ വീഴ്ചവരുത്തുന്നവർക്കെതിരെ ജപ്തി, പ്രോസിക്യൂഷൻ നടപടികൾ സ്വീകരിക്കുമെന്ന് സെക്രട്ടറി അറിയിച്ചു.

## വനിത ദിനം ആചരിച്ചു

തണ്ണീർമുക്കം : വനിത കരുത്തിന് ആദരവ് നൽകിയും പത്തോളം വനിത സംരഭങ്ങൾക്ക് തുടക്കം കുറിച്ചും തണ്ണീർമുക്കം ഗ്രാമപഞ്ചായത്ത് വനിതദിനം ആചരിച്ചു. ഗ്രാമ പഞ്ചായത്തിന്റെയും കുടുംബശ്രീ സി.ഡി.എസ്സിന്റെ യും സംയുക്താഭിമുഖ്യത്തിൽ ഒൻപതാം വാർഡിൽ എറനാട് ട്രസ്റ്റ് ഹാളിൽ നടന്ന ചടങ്ങിൽ പഞ്ചായത്തിനെ നയിക്കുന്ന വനിത ജനപ്രതിനിധികളെയും നിർവഹണ ഉദ്യോഗസ്ഥരായ പത്തോളം പേരെ ആദരിച്ചു. നിർവ്വഹണ ഉദ്യോഗസ്ഥരായ മെഡിക്കൽ ഓഫിസർ ഡോ.ജയന്തി, വെറ്റിനറി സർജൻ ഡോ.സ്മിത, ഡയറി ഓഫിസർ രശ്മി, കൃഷി ഓഫിസർ ശ്രുതി, അസി.സെക്രട്ടറി ജയശ്രീ, എ.ഇ.സിന,ഫിഷറിസ് ഓഫിസർ അനുരാജ്, എച്ച്.എം.അംബിക ദേവി മികച്ച അംഗനവാടി ഹെൽപ്പർ അവാർഡ് ജേതാവ് മംഗള ദേവി എന്നിവർ ചേർന്ന് ഉദ്ഘാടനം ചെയ്തു .

ഗ്രാമ പഞ്ചായത്ത് പ്രസിഡന്റ് അഡ്വ.പി.എസ്.ജ്യോതിസ് അധ്യക്ഷത വഹിച്ചു.
വനിതക്ഷേമ പദ്ധതികളുടെ ഭാഗമായി പത്താളം പുതിയ തൊഴിൽ സംരഭങ്ങൾക്കും വനിത ദിനത്തിൽ തുടക്കമായി. അഞ്ചാളം വനിതകളുടെ നിർമ്മാണ കമ്പനികളുടെ ഉദ്ഘാടനം പണി ഉപകരണങ്ങളുടെ വിതരണവും നടന്നു പരിശിലനം പൂർത്തിയാക്കിയ 15 പേരുടെ തയ്യൽ യൂണിറ്റ്, 25 പേരുടെ തുണി സഞ്ചി നിർമ്മാണ യൂണിറ്റ്, 20 പേർ അടങ്ങുന്ന മഴവെള്ള സംഭരണി നിർമ്മാണ യൂണിറ്റ്, രണ്ട് കിയോസ്ക്കുകൾ 200 പേർ അടങ്ങുന്ന കദളിവനം കാർഷിക ഗ്രൂപ്പ്, 200 പേർ അടങ്ങുന്ന 23 വനിത ഹരിതം യുണിറ്റ്, രണ്ട് വനിത തൊഴിൽ യുണിറ്റുകൾക്ക് അടിസ്ഥാന സൗകര്യ വികസനത്തിന്ന് ധനസഹായം ഉൾപടെ പുതുമയാർന്ന പരിപാടികളോടെയാണ് വനിത ദിനാഘോഷത്തിന് തുടക്കമായത്. ചടങ്ങിൽ ഗ്രാമ പഞ്ചായത്ത് സ്ഥിരം സമതി അധ്യക്ഷന്മാരായ രമ മദനൻ, സുധർമ്മ സന്തോഷ്, ബിനിത മനോജ്,. ഗ്രാമ പഞ്ചായത്തംഗങ്ങളായ സുനിമോൾ, യമുന, സനജ, കെ.ജെ സെബാസ്ററ്യൻ, സി.സി.എസ്. ചെയർപെഴ്സൺ ശ്രീജ ഷിബു എന്നിവർ പങ്കെടുത്തു.

## സഞ്ചരിക്കുന്ന ചിത്ര പ്രദർശനം ജില്ലയിൽ പ്രദർശനം ആരംഭിച്ചു

ആലപ്പുഴ: സംസ്ഥാന സർക്കാരിന്റെ ആയിരം ദിനാഘോഷങ്ങളുടെ ഭാഗമായി ജില്ല ഇൻഫർമേഷൻ ഓഫീസ് സംഘടിപ്പിക്കുന്ന സഞ്ചരിക്കുന്ന ചിത്രപ്രദർശനത്തിനു തീരദേശ മേഖലയായ അമ്പലപ്പുഴ വളഞ്ഞവഴി കടപ്പുറത്തു നിന്നും തുടക്കമായി.പ്രളയശേഷം ഹൃദയപക്ഷം ഉൾപ്പെടെ സംസ്ഥാന സർക്കാരിന്റെ വികസന നേട്ടങ്ങൾ വിവരിക്കുന്ന ഇൻഫർമേഷൻ -പബ്ലിക് റിലേഷൻസ് വകുപ്പ് നിർമ്മിച്ച ഡോക്യൂമെന്ററികളാണ് സഞ്ചരിക്കുന്ന ചിത്രപ്രദർശനത്തിലുള്ളത്. സ്ത്രീകളും കുട്ടികളുമടക്കം നൂറു കണക്കിന് ആളുകളാണ് പ്രദർശനം കാണാനായി വിവിധ

കേന്ദ്രങ്ങളിൽ എത്തിച്ചേർന്നത്. വളഞ്ഞവഴി ബീചിൽ നിന്നും ആരംഭിച്ച ,പ്രദർശനം പുന്നപ്ര ചള്ളി കടപ്പുറം, പറവൂർ ഗലീലിയോ കടപ്പുറം, ഇ.എസ്.ഐ കടപ്പുറം എന്നിവിടങ്ങളിലാണ് ആദ്യ ദിനം പ്രദർശനം നടന്നത് . രണ്ടാം ദിനമായ ഇന്ന് മാരാരിക്കുളം, അർത്തുങ്കൽ, കടത്തുകടവ്, ആലപ്പുഴ ബീച്ച് എന്നിവിടങ്ങളിൽ എത്തിയ ശേഷം സഞ്ചരിക്കുന്ന ചിത്രപ്രദർശനം സമാപിക്കും.